മാതൃഭൂമി

Mathrubhumi Seed

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 26 NOVEMBER 2023

# ആകാശപ്പച്ച

# CONTENTS


എഡിറ്റോറിയൽ Page 4

കാട്ടിലെക്കാര്യം Page 5

കേരളം അറിയാൻ Page 6

ചിറകുള്ള ചങ്ങാതിമാർ Page 7

ഈ ഫോട്ടോ കാണാം Page 8

കൃഷിക്കാര്യം Page 9

സിനിമാപാട്ടിലെ പ്രകൃതി Page 10

ഇത് അതിശയം തന്നെ Page 11

തെറ്റ് ശരി Page 12

ലോകം എങ്ങനെ Page 13

പൂവറിവ് Page 14

വർണച്ചിറക് Page 15-16


Cover :വില്പനയ്ക്കുവച്ചിരിക്കുന്ന പ്ലാസ്റ്റിക് പൂക്കൾ
Photo: റിദിൻ ദാമു



# ചെറുവഴി ശരിവഴി

രണ്ടുവർഷംമുൻപ് നവംബർ 14 –ന് ശിശുദിനത്തിലാണ് ആകാശപ്പച്ചയുടെ ആദ്യലക്കം പ്രസിദ്ധീകരിച്ചത്. ഒരു ചെടി വളരുന്നതുപോലെ ഓരോ ഇലകളായി നമ്മൾ വളരുന്നു. ആകാശപ്പച്ചയിൽ കൂടുതൽ പുതുമയുള്ളതും ഗൗരവമുള്ളതുമായ ആശയങ്ങൾ അവതരിപ്പിക്കാൻ അധ്യാപകരും വിദ്യാർഥികളും തുടർന്നും ശ്രദ്ധപുലർത്തണം. ചെറിയ ആശയങ്ങളിലൂടെ വലിയ മാറ്റങ്ങൾ ഉണ്ടായ ചരിത്രം ലോകത്ത് അനവധിയുണ്ട്. നമുക്കും പ്രകൃതിസംരക്ഷണത്തിന്റെ ചെറിയ വഴിയേ മുന്നോട്ടുപോകാം.

## എഡിറ്റോറിയൽ



# മഴ കടന്ന് മഞ്ഞിലേക്ക്...

മഴക്കാലം കഴിഞ്ഞ് മഞ്ഞുകാലത്തിലേക്ക് കടക്കുകയാണ് നമ്മുടെ കാലാവസ്ഥ. മഴക്കാലത്തെയപേക്ഷിച്ച് ജലലഭ്യത കുറഞ്ഞുവരുന്ന സമയമാണിത്. അതുകൊണ്ടുതന്നെ മരങ്ങൾ ഇല പൊഴിക്കുന്നതിന്റെ തോത് അധികമാവുകയും ചെയ്യും. ഇലകളിലൂടെ ജലം നഷ്ടപ്പെടുന്നത് കുറയും എന്നത് ഇലകൊഴിക്കലിന്റെ ഒരു ഗുണമാണ്. അതോടൊപ്പം കരിയിലകൾ മരച്ചുവട്ടിൽ വീണുകിടക്കുമ്പോൾ മണ്ണിൽ നേരിട്ട് സൂര്യപ്രകാശമേറ്റ് ജലം നഷ്ടപ്പെടുന്നതിന്റെ തോത് കുറയുകയും ചെയ്യും. കരിയിലകൾ പൊടിഞ്ഞ് സ്പോഞ്ചുപോലെ മണ്ണിനോട് ചേരുമ്പോൾ പലവിധ മൂലകങ്ങളും മരങ്ങൾക്ക് ലഭിക്കും. തന്നെയുമല്ല ഇങ്ങനെ രൂപപ്പെടുന്ന സ്പോഞ്ചിനുള്ളിൽ ജലം സംഭരിച്ചുവയ്ക്കാനും കഴിയും. ശക്തമായി പതിക്കുന്ന മഴയുടെ ആഘാതം കുറച്ച് മേൽമണ്ണ് ഒലിച്ചുപോകാതെ സംരക്ഷിക്കുന്നതിനും സഹായമാകുന്നത് കരിയിലകളാണ്. കരിയില അടിച്ചുകൂട്ടി കത്തിച്ച് പുരയിടം വൃത്തിയാക്കുമ്പോൾ നാം പ്രകൃതിയോട് ചെയ്യുന്ന ക്രൂരത എത്ര വലുതാണെന്ന് മനസ്സിലായില്ലേ? തന്നെയുമല്ല മരങ്ങൾ ഏറെക്കാലംകൊണ്ട് ഇലകളിൽ സംഭരിച്ചുവെച്ചിരുന്ന കാർബണിനെ, കരിയില കത്തിക്കുന്നതിലൂടെ നിമിഷനേരംകൊണ്ട് അന്തരീക്ഷത്തിലേക്ക് തുറന്നുവിടുകയും ചെയ്യുന്നുണ്ട് നമ്മൾ.




# അമൃതവാഹിനി

ഓരോ പുഴയും കാടിനോട് നന്ദി പറയണം. കാടകങ്ങളിൽനിന്നാണ് പുഴ ജനിക്കുന്നതും ഒഴുകിത്തുടങ്ങുന്നതും. പുഴയെ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്ന ജീവിവർഗമായ മനുഷ്യൻ പുഴയെ മലിനപ്പെടുത്തുകയും കാടിനെ സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ അപകടത്തിലേക്കുള്ള വഴിയൊരുക്കും.

ഓരോ തുള്ളി ജലത്തിലും കാടിന്റെ ഓർമകളെ സൂക്ഷിച്ചുവെച്ചുകൊണ്ട് അനന്തമായി പല ദേശങ്ങളിലൂടെ സഞ്ചരിച്ചും പാറകളിൽ തട്ടി ചിതറിത്തെറിച്ചും മുത്തുകളായിമാറി ഓരോ മഴത്തുള്ളിയെയും തന്റെ അന്തരാത്മാവിൽ ആവാഹിച്ച് ഒഴുകുകയാണവൾ, പുഴ!

നിളയെന്ന് പേരുള്ള ഭാരതപ്പുഴ. പുരാതന രേഖകളിൽ പേരാർ എന്നറിയപ്പെടുന്ന പുഴയാണിത്. മലപ്പുറം, പാലക്കാട് ജില്ലകളുടെ ജീവസ്പന്ദനമാണ് ഈ ജലപ്രവാഹം. മലമ്പുഴ അണക്കെട്ടിലും മംഗലം അണക്കെട്ടിലും നമ്മുടെ ആവശ്യങ്ങൾക്കായി ഈ പുഴയൊഴുക്കിനെ നമ്മൾ തടഞ്ഞുനിർത്തുന്നു. സ്വച്ഛശാന്തമായി നിറഞ്ഞൊഴുകിയിരുന്ന ഭാരതപ്പുഴ ഇന്ന് ഭക്ഷിക്കുന്നത് മാലിന്യങ്ങളാണ്. ജീവജലം നൽകി നമ്മെ രക്ഷിക്കുന്ന അമൃതവാഹിനിയെ രക്ഷിക്കാൻ ആരാണുള്ളത്? അതിനുമപ്പുറം കാടിനെ രക്ഷിക്കാൻ ആരാണുള്ളത്?

ഗായത്രി കൃഷ്ണ
പ്ലസ് ടു സയൻസ്
ഡിവൈൻ പബ്ലിക് സ്കൂൾ, പുത്തൂർ
കൊല്ലം



# മടങ്ങാം പ്രകൃതിയിലേക്ക്...

ഹരിതാഭയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന പാടങ്ങളും തെളിനീരൊഴുകുന്ന ചോലകളും കൊണ്ട് മനോഹരിയായിരുന്നു കേരളം. കേരളത്തിന്റെ മുഖമുദ്രയായ കേരവൃക്ഷങ്ങളും പച്ചപ്പും പതുക്കെ മറയുകയാണ്. വയലുകളുടെയും കുന്നുകളുടെയും സ്ഥാനം പടുകൂറ്റൻ കെട്ടിടങ്ങൾ കൈയേറി. മണ്ണിനെയും കൃഷിയെയും സ്നേഹിച്ചവരുടെ ജീവിതാനുഭവങ്ങൾ അവരെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ചു. ക്രമംതെറ്റി വരുന്ന കാലാവസ്ഥയുടെ പ്രത്യാഘാതം വലിയ പ്രകൃതിദുരന്തങ്ങളിലെത്തിനിൽക്കുന്നു. മാത്രമല്ല, മാനവരാശിയെ ഉന്മൂലനംചെയ്യാൻപാകത്തിൽ രോഗങ്ങളും പടർന്നുപിടിക്കുന്നു.

പ്രകൃതിയോട് മനുഷ്യൻ ചെയ്യുന്ന ക്രൂരതയുടെ ഫലമാണ് ഇന്നനുഭവിക്കുന്ന ദുരന്തങ്ങൾ. അനുഭവങ്ങളിലൂടെ മനുഷ്യൻ പലതും പഠിച്ചുകഴിഞ്ഞു. മരങ്ങൾ നട്ടുപിടിപ്പിച്ചും ജലസ്രോതസ്സുകളെ സംരക്ഷിച്ചും പ്ളാസ്റ്റിക്കിനെ നിർമാർജനംചെയ്തും കൃഷിയെ സ്നേഹിച്ചും പ്രകൃതിയോടിണങ്ങി നമുക്ക് ജീവിക്കാം.

കൃഷ്ണപ്രിയ വിനോദ് പിള്ള
അമൃത വിദ്യാലയം, പത്തനംതിട്ട

# ചെമ്പോത്ത്

## Crow pheasant



ഉപ്പൻ അഥവാ ചെമ്പോത്തിന് മറ്റൊരു പേരുകൂടിയുണ്ട് ചകോരം. കാക്കയുടെതുപോലത്തെ ശരീരവും വിരിഞ്ഞ വാലും ഉള്ളതുകൊണ്ടാവണം കാക്കമയിൽ എന്ന് അർഥം വരുന്ന Crow pheasant എന്ന ഇംഗ്ലീഷ് പേര് ഉപ്പന് ലഭിച്ചത്. പോത്തിന്റെ നിറമുള്ള ദേഹവും ചെമ്പിന്റെ നിറമുള്ള ചിറകുകളും ഈ പക്ഷിയെ ചെമ്പോത്താക്കിയെന്നും പറയാം. ആണിനെയും പെണ്ണിനെയും രൂപത്തിൽനിന്ന് പെട്ടെന്ന് തിരിച്ചറിയുക പ്രയാസമാണ്. കമ്പും കോലും ചുള്ളിയുമൊക്കെ ഉപയോഗിച്ച് ഉയരത്തിലാണ് ഇവ കൂടൊരുക്കുന്നത്. ഇണപ്പക്ഷികൾ മാറിമാറി അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിക്കുന്നു. ശാന്തരായ ഈ പക്ഷികൾ മനുഷ്യരിൽനിന്ന് അകലം പാലിക്കുന്നവരല്ല.

സൂര്യദേവ് കെ.
ഏച്ചൂർ വെസ്റ്റ് യു.പി. സ്കൂൾ
കണ്ണൂർ

ഈ ഫോട്ടോ കാണാം

# ഇരട്ടത്തലച്ചി ബുൾബുൾ



വിദ്യ എ., സീഡ് കോർഡിനേറ്റർ
ജി.എച്ച്.എസ്.എസ്. ചെർക്കള സെൻട്രൽ,
കാസർകോട്

# കൃഷിരീതികൾ
## കാലാവസ്ഥയ്ക്കനുസരിച്ച്

കാലംതെറ്റിയുള്ള മഴയും വേനലും സംസ്ഥാനത്തിന്റെ കൃഷിരീതിയെത്തന്നെ മാറ്റിമറിച്ചു. മൺസൂണിനെ ആശ്രയിച്ച് കൃഷിചെയ്യുന്ന കേരളജനതയ്ക്ക് മഴയുടെ വിതരണത്തിലെ വ്യതിയാനം വെല്ലുവിളിയായി.

ഇപ്പോൾ മഴദിനങ്ങൾ കുറയുകയും അതിതീവ്ര മഴ കൂടുകയും ചെയ്തു. അതിതീവ്ര മഴ കൃഷിയെ ബാധിക്കും. വെള്ളവും മണ്ണും കുത്തിയൊലിച്ചുപോകും. നെല്ല്, വാഴ അടക്കമുള്ള കൃഷി വ്യാപകമായി നശിക്കാനും കാരണമാകും. അറബിക്കടലിലുണ്ടാകുന്ന മേഘഘടനയിലെ മാറ്റമാണ് ഇത്തരം പ്രതിഭാസങ്ങൾക്ക് കാരണം. മഴ കുറയുകയും ചൂട് കൂടുകയും ചെയ്യുമ്പോൾ ബാഷ്പീകരണ തോത് കൂടുകയും മണ്ണിലെ ജലാംശം കുറയ്ക്കുകയും ചെയ്യും

കാലാവസ്ഥാമാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള കൃഷിരീതിയാണ് അവലംബിക്കേണ്ടത്. കാലാവസ്ഥാമാറ്റം ജലലഭ്യതയെ ബാധിക്കുമെങ്കിൽ അതിനിണങ്ങിയ വിളകൾ കൃഷിചെയ്യണം. അതിതീവ്രമഴയെങ്കിൽ അതിനനുസൃതമായ കൃഷിരീതിയിലേക്ക് മാറണം.



നന്ദന പി.
A.K.G.M.ഗവ. ഹയർ സെക്കൻഡറി സ്കൂൾ,
പെരളശ്ശേരി, കണ്ണൂർ

# കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും

*കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും*
*കണ്ണാടി നോക്കും ചോലയിൽ*

**അ**നുബന്ധം എന്ന സിനിമയിൽ ബിച്ചു തിരുമല രചന നിർവഹിച്ച് ശ്യാം സംഗീതം നൽകി യേശുദാസ് ആലപിച്ച മനോഹരമായ ഗാനം.കാട്ടുകുറിഞ്ഞിയെ നേരത്തേ പരിചയമുള്ളതിനാൽ കണ്ണാന്തളിയിലേക്ക് നേരേ പോകാം. ഈ ചെടി പണ്ട് നാട്ടിൻപുറങ്ങളിൽ ധാരാളം കാണാമായിരുന്നു. ഇപ്പോൾ വെറും കണ്ണാടിയല്ല, ഭൂതക്കണ്ണാടി ഉപയോഗിച്ച് നോക്കി കണ്ടുപിടിക്കേണ്ടത്ര അപൂർവമായിരിക്കുന്നു ഈ ചെടി. മലപ്പുറം ജില്ലയിൽ കാച്ചിപ്പൂ എന്നും ഓണപ്പൂവ് എന്നും ഇത് അറിയപ്പെടുന്നു. നേത്രരോഗങ്ങൾക്കുള്ള ഔഷധംകൂടിയാണിത്.

ഷിബിന പി.എം.
ജി.യു.പി.എസ്. കമ്പളക്കാട്
വയനാട്

# ജലവൃക്ഷം

ആഫ്രിക്കയിൽ കാണപ്പെടുന്ന വൃക്ഷമാണ് ബൊവാബാബ്. ഇവ ജീവിതവൃക്ഷമെന്നും അറിയപ്പെടുന്നു. ഈ വൻവൃക്ഷങ്ങളുടെ തായ്ത്തടിയിലെ പോടുകളിൽ മനുഷ്യർ താമസിക്കാറുണ്ട്. മങ്കി ബ്രെഡ് ട്രീ എന്നും ഇതിന് പേരുണ്ട്. ഇല, വിത്ത്, വേരുകൾ എന്നീ എല്ലാ ഭാഗവും കഴിക്കാൻ ഉപയോഗിക്കുന്നു. ഈ മരം തായ്ത്തടിയിൽ വളരെയധികം ജലം സംഭരിച്ചുവയ്ക്കുന്നു. കടുത്ത വരൾച്ചസമയത്ത് മരം ഈ വെള്ളം ഉപയോഗിക്കും. വന്യമൃഗങ്ങൾക്ക് വെള്ളം കണ്ടെത്താൻ കഴിയാതെവരുമ്പോൾ വൃക്ഷത്തിനുള്ളിൽ സംഭരിച്ചിരിക്കുന്ന വെള്ളം അവ ഉപയോഗിക്കാറുണ്ട്. കൊമ്പുകൾ ഉപയോഗിച്ച് മരത്തിൽ മുറിവുണ്ടാക്കിയാണ് വെള്ളം ചോർത്തിയെടുക്കുക. വൃക്ഷത്തിന്റെ ശരാശരി ആയുസ്സ് 1000 വർഷത്തിലേറെയാണ്.

ഫാ. റെജി കൊലയാനിക്കൽ
സെന്റ് മേരീസ് ജ്ഞാനോദയ
ഇംഗ്ലീഷ് സ്കൂൾ,മൈക്കാവ്
കോഴിക്കോട്

# പഴഞ്ചൊല്‍ കടിക്കില്ല!

'**കു**രയ്ക്കും നായ കടിക്കില്ല' എന്നാണല്ലോ ചൊല്ല്. ഉച്ചത്തിലുള്ള ഭീഷണികളോ വീമ്പിളക്കുന്ന അവകാശവാദങ്ങളോ ഉള്ള ആളുകള്‍ സാധാരണമായി അവര്‍ പറയുന്ന പ്രവൃത്തികള്‍ ചെയ്യാന്‍ സാധ്യതയില്ലെന്ന് സൂചിപ്പിക്കുന്ന ഒരു ചൊല്ലാണിത്. നായയുടെ കാര്യത്തില്‍ ഇത് ശരിയാകണമെന്നില്ല. കുരച്ചാലും കടിക്കുന്ന നായ്ക്കളും, കുരയ്ക്കാതെ കടിക്കുന്ന നായ്ക്കളുമുണ്ട്. നായയ്ക്ക് പഴഞ്ചൊല്ല് അറിയാത്തതുകൊണ്ട് നമ്മള്‍ സൂക്ഷിക്കുന്നതാണ് ബുദ്ധി.



ഇനിയിപ്പോള്‍ വാദത്തിനുവേണ്ടി, കുരച്ചുകൊണ്ടിരിക്കുമ്പോള്‍ നായയ്ക്ക് കടിക്കാന്‍കഴിയില്ല എന്ന് സമ്മതിക്കാം. കുരയ്ക്കാന്‍ വായ തുറക്കണമല്ലോ, കടിക്കാനാണെങ്കില്‍ വായ അടയ്ക്കുകയും വേണം! അതായത് ഒരു നായയ്ക്കും ഒരേസമയം കടിക്കാനും കുരയ്ക്കാനും കഴിയില്ല എന്നര്‍ഥം.

ഗൗതം ജി. ഗിരീഷ്, ക്ലാസ് 7
ജി.യു.പി.എസ്. ഉഴുവ
ആലപ്പുഴ



# ഇന്ന് കൊച്ചി... നാളെ...

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ തീപിടിത്തം കഴിഞ്ഞനാളുകളിൽ വലിയ വാർത്താപ്രാധാന്യം നേടിയ സംഭവമായിരുന്നു. പ്ലാന്റിന്റെ പുറകുവശത്തുള്ള പ്ലാസ്റ്റിക് മാലിന്യ കൂമ്പാരത്തിനാണ് തീ പിടിച്ചത്. ദിവസങ്ങളെടുത്താണ് തീയണയ്ക്കാൻ സാധിച്ചത്. ഇതിനെല്ലാം കാരണം നമ്മൾതന്നെയാണ്. നമ്മുടെ പ്ലാസ്റ്റിക് ഉപയോഗമാണ് ഇതിലേക്ക് എത്തിച്ചത്. പ്ലാസ്റ്റിക് ഉപയോഗിക്കുമ്പോൾ അത് ദോഷംവരാത്ത രീതിയിൽ എങ്ങനെ കളയണം എന്നുകൂടെ നമ്മൾ അറിഞ്ഞിരിക്കണം. ബ്രഹ്മപുരത്ത് വന്നതുപോലെ ഇനി ഒരു സ്ഥലത്തും പ്ലാസ്റ്റിക് കുമിഞ്ഞുകൂടാനും തീ പിടിക്കാനും ഇടയാവാതിരിക്കാൻ നമ്മൾ ഓരോരുത്തരും പരിശ്രമിക്കണം. അത് നമ്മുടെ ചുമതലയാണ്.

അനീറ്റ എം. നിമോദ്, ക്ലാസ് 8
ബെഥനി സെന്റ് ജോൺസ്, കുന്നംകുളം
തൃശ്ശൂർ

പൂവറിവ്



# പാഷൻ പുഷ്പം

പാഷൻ ഫ്രൂട്ട് നമുക്ക് പരിചിതമാണ്. പൂക്കൾക്കും പേരുകേട്ട അലങ്കാരസസ്യമാണ് ഇതിന്റെ ചെടി. പൂന്തോട്ടങ്ങൾക്ക് ദൃശ്യഭംഗി നൽകുന്ന പാഷൻ പൂക്കൾ തെക്കേ അമേരിക്കയിലെ ഉഷ്ണമേഖലാപ്രദേശങ്ങളിലാണ് ഉദ്ഭവിച്ചത്. എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്നതരത്തിൽ വൈവിധ്യമാർന്ന നിറങ്ങളും പാറ്റേണുകളും ഈ പൂക്കൾക്കുണ്ട്. മനോഹരമായ രൂപത്തിന് പുറമേ, പാഷൻ പൂക്കൾക്ക് ഔഷധഗുണങ്ങളുമുണ്ട്.



വഫ ഫാത്തിമ ജലീൽ, ക്ലാസ് 8
സെൻറ് അഗസ്റ്റിൻസ് ഗേൾസ് H.S.S.,
കോതമംഗലം, എറണാകുളം





# ചാരുത

പച്ചപുതച്ച നെൽപ്പാടങ്ങളെ
തഴുകിയുണർത്തും കാറ്റെവിടെപ്പോയ്?
നീലാകാശം ചുംബിച്ചുണർത്തും
മഴമേഘങ്ങൾ ഇന്നെവിടെപ്പോയ്?
കളകളാരവം പൊഴിക്കും
കാട്ടുപൂഞ്ചോലകൾ ഇന്നെവിടെപ്പോയ്?
മഴമേഘങ്ങളെ കുളിരായ് മാറ്റും
ഗിരിശൃംഗങ്ങൾ ഇന്നെവിടെപ്പോയ്?
പൂമ്പാറ്റകളും പുൽനാമ്പുകളും കണികാണാ
പൊൻകണിയാകുമ്പോൾ
ചാക്കുകണക്കിന് കൂട്ടുന്നു
മാലിന്യങ്ങൾ വഴിമുക്കുകളിൽ
ഒഴുക്കിനെതിരേ നീന്തുന്നു നാം
കാലം പോകുവതറിയാതെ
നീർകുമിളകണക്കെ
പൊലിയുന്നു നാം പാരിൻ നടുവിൽ



സനീഷ കൃഷ്ണ, ക്ലാസ് 7
വിജയോദയം യു.പി. സ്കൂൾ ചെമ്പ്
വൈക്കം, കോട്ടയം



# പ്രകൃതിയമ്മ

**മോ**നേ എണീക്കാൻ സമയമായില്ലേ എണീറ്റേ...
ഉം, ശരി അമ്മേ.
പോയി പല്ലുതെച്ചേ...
ഓ ശരി, ഞാൻ പല്ലുതേച്ചിട്ട് കളിക്കാൻപോവും ട്ടോ...
ശരി ശരി, ഞാൻ അടുക്കളയിലോട്ട് പോട്ടെ
ശരി അമ്മേ, ഞാനും പോണൂ.

ശ്രുതി നീ എവിടെയാ.
ഓ, കെടന്ന് നിലവിളിക്കാതെ! ഞാൻ ഇവിടെ ഉണ്ട്. എന്താ വിളിച്ചേ പറ..
ഒന്നുമില്ല. അവനെവിടെ അപ്പു?
അവൻ പുറകിൽ കളിക്കാൻപോയി!
പുറകിലോ അവിടെ ആരാ കളിക്കാൻ ഉള്ളെ?
അമ്മയ്ക്കറിയില്ലേ ?അവന്റെ മാവിന്റെ കൂടെയാ കളി!
എന്റെ അതേ സ്വഭാവമാ അവന്, എന്റെ കുട്ടിക്കാലത്തും എന്റെ പ്രിയ കൂട്ടുകാരനായിരുന്നു ആ മാവ്. ആ മാവിൽ ഒരു മാങ്ങയും ഉണ്ടാവില്ല.എന്നിട്ടും ആ മാവ് എന്റെ കൂട്ടു കാരനായിരുന്നു. ഇപ്പോൾ അവന്റെയും!

ദിയ ആർ.
ജി.ജി.വി.എച്ച്.എസ്.എസ്. നെമ്മാറ
പാലക്കാട്

മാതൃഭൂമി ആകാശപ്പച്ച



**ലോക ജനസംഖ്യയിലെ
ഓരോ ആളും
ഓരോ മരം നട്ടുവളർത്തിയാൽ
തീരാവുന്നതേയുള്ളൂ
നമ്മുടെ
പല പരിസ്ഥിതിപ്രശ്നങ്ങളും!**

ആകാശപ്പച്ചയിലേക്കുള്ള രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക് അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed